
THIRANOTTAM
തിരനോട്ടം

തിരനോട്ടം

# എഡിറ്റോറിയൽ

എല്ലാം ഓർമ്മകൾ ആകുമ്പോൾ എന്നും സൂക്ഷിക്കാവുന്ന നമ്മുടെ സ്കൂൾ ചരിത്രവും ആഘോഷങ്ങളും കലാകാരന്മാരുടെ കഴിവുകളും അഭിനന്ദനങ്ങളും ഒന്ന് തിരിഞ്ഞു നോക്കാനും ഓർമ പുതുക്കാനും വേണ്ടിയാണ് തിരനോട്ടം എന്ന മാഗസിൻ പുറത്തിറക്കുന്നത്. പരമാവധി കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കാനും നീതി പുലർത്താനും ശ്രമിച്ചിട്ടുണ്ട്. അത് എത്രമാത്രം വിജയിച്ചുവെന്ന് നിലയിൽ തന്നെ ബഹുമാന്യരായ വായനക്കാരും കാഴ്ച കാരുമാണ്.

ഈ മാഗസീൻ പ്രസിദ്ധീകരിക്കുന്നതിൽ പിന്നിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും പിന്നെ ഞങ്ങളുടെ എല്ലാമെല്ലാമായ ടീച്ചർമാരും ആണ്.

കാലങ്ങൾ കഴിഞ്ഞാലും ഒന്ന് തിരിഞ്ഞു നോക്കാൻ തേൻ പകരുന്ന ഓർമ്മകൾ സമ്മാനിച്ചുകൊണ്ട് ഇ-മാഗസീൻ സമർപ്പിക്കുന്നു.

എന്ന്

എഡിറ്റോറിയൽ ബോർഡ്

## സന്ദേശം



ഇരുപത്തി ഒന്നാം  നൂറ്റാണ്ടിൽ

എത്തി നിൽക്കുന്ന നമ്മളിൽ അന്തർലീനമായ ഒന്നാണ് വിവരസാങ്കേതികവിദ്യ. വിദ്യാർത്ഥികൾക്കുള്ളിൽ സർഗ്ഗാത്മന കഴിവുള്ള വിവരസാങ്കേതിക വിദ്യയിലൂടെ ആവിഷ്കരിക്കാൻ ഒരുങ്ങുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. വിദ്യാർത്ഥികൾ സാങ്കേതിക വിദ്യയിലൂടെ മുന്നേറുവാനും അതിലുള്ള അഭിരുചി വളർത്താനും ലിറ്റിൽ കൈറ്റ്സിന് സാധിക്കട്ടെ. ഈ മാഗസിൻ തയ്യാറാക്കിയ എല്ലാ കുട്ടികാർക്കും ആശംസകൾ നേർന്നുകൊള്ളുന്നു. ഇത് മികവിന്റെ പാതയിലേക്കുള്ള ഒരു സംരഭമാകട്ടെ......

ഹെഡ്മിസ്ട്രസ്സ്

ജിജി ടീച്ചർ



vector background

തിരനോട്ടം

# ഇതളുകൾ വിടരുമ്പോൾ

- ചരിത്രം
- ഓർമ്മകളിലൂടെ
- സ്കൂൾ അസ്സംബ്ലി
- ഞങ്ങളുടെ സ്കൂൾ
- കാർമേഘം
- കുട്ടനും കോഴിയും
- എന്റെ ആത്മാവിന്റെ വിരഹത്തിലൂടെ
- പരിപൂർണത
- പുള്ളിക്കുട
- കലാകാരൻമാരിലൂടെ
- ഒരു പ്രളയകാഴ്ച്ച
- റെഡ്ക്രോസ്
- സ്കൗട്ട് &ഗൈഡ്സ്
- ഓണാഘോഷം
- സുവർണനിമിഷങ്ങളിലൂടെ
- ലിറ്റിൽ കൈറ്റ്സ്
- അണിയറ
- നന്ദി

# ചരിത്രം

മങ്ങാട് ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് സെന്റ് ജോസഫ് ആന്റ് സെന്റ് സിറിൽസ് ഹൈസ്കൂൾ. മങ്ങാട് സ്കൂൾ ആരംഭിക്കുന്നതിനു മുൻപ് ഈ പ്രദേശത്ത് എഴുത്ത് പള്ളിക്കൂടങ്ങളും മറ്റു സംവിധാനങ്ങളും ചില സ്വകാര്യ വ്യക്തികളും നടത്തിയിരുന്നു. എയ്ഡഡ് സ്കൂൾ അനുവദിക്കുന്നതിനായി പലരും അപേക്ഷിക്കുകയും എന്നാൽ അന്നത്തെ വിദ്യാഭ്യാസ ഡയറക്ടർ ശ്രീ.മത്തായി സർ സ്കൂളിന് ഏറ്റവും അനുയോജ്യമായ സ്ഥലം മണ്ടുമ്പാൽ മാത്തു മത്തായിയുടേതാണെന്ന് കാണുകയും 1930 ൽ ഒരു എയ്ഡഡ് എലമെന്ററി സ്കൂൾഅനുവദിക്കുകയും ചെയ്തു.1930 ൽ സ്ഥാപിതമായ ഈ സ്കൂളിൽ പ്രാഥമിക ക്ളാസുകളിലായി 78 വിദ്യാർത്ഥികൾ പയ്യൂരെ വറതാശാൻ , വേപ്പിലെ കുഞ്ഞുണ്ണി മാഷ് എന്നിവരുടെ ശിക്ഷണത്തിൽ അധ്യയനമാരംഭിച്ചു. പ്രതിവർഷം ഓരോ ക്ളാസുകളായി ഉയർത്തിയ ഈ പാഠശാല 1935ൽ 176വിദ്യാർത്ഥികളായതോടെ ഒരു പൂർണ്ണ പ്രാഥമിക വിദ്യാലയം എന്ന സ്ഥാനത്തിനർഹമായി. 1943 വരെ 13 വർഷത്തോളം ശ്രീ .കെ .ഐ .പീറ്ററിന്റെ മേനേജ്മെന്റിൻ കീഴിൽ ഊർജ്ജസ്വലമായി പ്രവർത്തനം തുടർന്നു. 1943 ൽ സ്കൂൾ മേനേജ്മെന്റ് സ്ഥാനം കുത്തൂർ കെ.ഒ.കുഞ്ഞാഞ്ഞു മാസ്റ്റർക്ക് കൈമാറി .

# തിരനോട്ടം


**1981** ൽ അഭിവന്ദ്യ പിതാവ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയ്ക്ക് മേനേജ്മെന്റ് കൈമാറി. അദ്ദേഹത്തിന്റെ അക്ഷീണ പരിശ്രമത്തിന്റെ ഫലമായി **1983** ൽ ഇത് ഒരു ഹൈസ്കൂളായി ഉയർന്നു.**1983** ൽ ഹൈസ്കൂളായതിനു ശേഷം റവ.ഫാദർ ജോൺ ഇരുമേടായിരുന്നു പ്രധാനധ്യാപകൻ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ **1986** മാർച്ചിൽ ആദ്യത്തെ എസ്. എസ്. എൽ .സി. ബേച്ച് അഭിമാനകരമായി **100%** വിജയം കൈവരിച്ചു.

**1998** നവംബർ **3** ന് അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനി കാലം ചെയ്തു. അദ്ദേഹത്തിന്റെ മരണപത്രപ്രകാരം സ്കൂൾ മേനേജ്മെന്റ് തിരുവല്ല അതിരൂപതക്ക് കൈമാറി. മോസ്റ്റ് റവ . ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത മേനേജർ സ്ഥാനം ഏറ്റെടുത്തു. **2003** ൽ തിരുവല്ല രൂപത വിഭജിച്ച് മൂവാറ്റുപുഴ രൂപത സ്ഥാപിതമായപ്പോൾ മൂവാറ്റുപുഴ രൂപതാധ്യക്ഷൃൻ മോസ്റ്റ് റവ. ഡോക്ടർ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തയ്ക്ക് കൈമാറി. **2007** ൽ അഭിവന്ദ്യ പിതാവായ തോമസ് മാർ കൂറിലോസ് മെത്രാൻ തിരുവല്ല അതിരൂപതയുടെ ആർച്ച് ബിഷപ്പായി സ്ഥാനമേറ്റപ്പോൾ മോസ്റ്റ് റവ. ഡോക്ടർ എബ്രഹാം മാർ യൂലിയോസ് തിരുമേനിയ്ക്ക് മേനേജർ സ്ഥാനം കൈമാറി.

ID 36009855 © Viktoriia Kryzhanovska | Dreamstime.com
Download from Dreamstime.com
This watermarked comp image is for previewing purposes only.

തിരനോട്ടം

# ഓർമകളിലൂടെ



തിരനോട്ടം

# സ്കൂൾ അസംബ്ലി



തിരനോട്ടം

# ഞങ്ങളുടെ സ്കൂൾ





തിരനോട്ടം

# കാർമേഘം

നിരപ്പാർക്കുമാ കാലം എത്രയും
വാനദൈവം നിനക്ക് തുണയേകുമോ
നിൻ നീരസഭ്രരിതം അൽപ്പം ക്ഷമിക്കുമോ
നിൻ കോപ കാരണം എന്നിൽ തെളിയിക്കുമോ

സമാധാനമാകുന്ന മേഘമായ നീയിപ്പോൾ
കറുത്തിരുണ്ട് കോപമറ്റ് നിൽക്കുന്നു
നിനക്കെന്തുപറ്റിയെൻ മേഘമേ
നിൻ കോപകാരണംഎന്നിൽ തെളിയിക്കൂ

കാർമേഘം അതാ ചൊല്ലി തുടങ്ങുന്നു
മേഘമായതാണത്രേ കോപിതകാരണം
എന്തേ നിൻ കാരണം ഇത്രയും ത്രുക്ഷിതം
മറ്റൊന്നും അല്ലാതെ സൂര്യനാ

അഗ്രനക്ഷത്രം ആകുന്ന സൂര്യൻ
വെളിച്ചത്തിൻ വിരൽ ആകുന്ന സൂര്യൻ
നിന്നോട് എന്തേ ഇത്ര കോപിതനായി
ചൊല്ലു എന്നോട് ആ കോപകാരണം

# തിരനോട്ടം

ഇന്നലെ എൻ മുന്നിൽ വന്നവനോ അവൻ

കാർമേഘമായ ഞാൻ നൽകിയോ ആ മഴ

ഭൂമി ജനങ്ങൾ വെള്ളത്തിനായതാ

തെണ്ടി തിരിഞ്ഞു നടക്കുന്ന നേരത്ത്

എന്തിനു വേണമാ പൊരിഞ്ഞ വെയിലിപ്പോ

വെള്ളമാണാവശ്യം ഭൂമി ജനങ്ങൾക്ക്

ഞാൻ ചൊല്ലിയകാരണം

അത്രയും കോപമായ്

എൻ കോപം അത്രയും ദഹിച്ചില്ല സൂര്യനും

എൻ ഹൃദയം കുരിരുട്ട് ആയി ഇരുട്ടിലായി മൂടവേ

- ഷിയ

# കുട്ടനും കോഴിയും

ഒരിടത്ത് ഒരു കുട്ടൻ എന്ന കുട്ടിയുണ്ടായിരുന്നു അവനൊരു കുസൃതിക്കുട്ടൻ ആയിരുന്നു. അവൻറെ ഹോബി അവനെ മൃഗങ്ങളുടെ നേരെ കല്ലെറിയുകയായിരുന്നു. ഒരു ദിവസം അവൻ ഒരു കോഴിയുടെ നേരെ കല്ലെറിഞ്ഞു മൂന്നുവട്ടം ചുറ്റിത്തിരിഞ്ഞ് കോഴി ചത്തു പോയി .അവൻ പേടിച്ചു കൊണ്ട് അതിനെ ഒരു കുഴിയിൽ മണ്ണിട്ടുമൂടി .അവൻ ആരും കണ്ടില്ലെന്ന് വിചാരിച്ചു തോട്ടക്കാരൻ ഇതെല്ലാം കാണുന്നുണ്ടായിരുന്നു കുട്ടൻറെ പപ്പ ജോലിക്ക് പോയ സമയത്ത് അവൻ കളിക്കാൻ തീരുമാനിച്ചു .തോട്ടക്കാരൻ പിന്നിൽനിന്നു വിളിച്ചു എന്നിട്ട് പറഞ്ഞു ഒരു കോഴിയെ കൊന്നത് ഞാൻ കണ്ടു അവൻ പേടിച്ചു കൊണ്ട് പറഞ്ഞു പപ്പയോട് പറയരുതെന്ന്. പറയേണ്ട എന്നുണ്ടെങ്കിൽ ഞാൻ പറയുന്ന ജോലികൾ ഒരു മാസം വരെ ചെയ്യണം തോട്ടക്കാരൻ പറഞ്ഞു .നീ കളിക്കാൻ പോകണ്ട തോട്ടം മുഴുവൻ ഇളക്കി മറിക്കാൻ പറഞ്ഞു. അന്ന് മുഴുവനും അവനെക്കൊണ്ട് ജോലി ചെയ്യിപ്പിച്ചു ഇങ്ങനെ രണ്ടാഴ്ച കടന്നുപോയി. അവൻ പപ്പയോട് പറഞ്ഞു ഞാൻ കുറച്ചുനാൾ മുമ്പ് ഒരു കോഴിയെ കൊന്നു . എനിക്ക് അത്അറിയാമായിരുന്നു കാരണം നമ്മുടെ വീട്ടിലെ കൂടുതൽ

മുട്ടയിടുന്ന ഒരു കോഴി അതായിരുന്നു . എന്നിട്ട്പറഞ്ഞു സാരമില്ല നമുക്ക് വേറെ കോഴിയെ വാങ്ങാം എന്നു പറഞ്ഞു. തോട്ടക്കാരൻപറഞ്ഞുതോട്ടംവൃത്തിയാക്കികോഴികൾക്കെല്ലാം ഭക്ഷണം വെച്ചു കൊടുത്തിട്ടു സമയമുണ്ടെങ്കിൽ പോയാൽ മതിയെന്ന്. കുട്ടൻ പറഞ്ഞു തന്നെ ഇവിടെ ശമ്പളം നിർത്തിയിരിക്കുന്നത് ജോലി ചെയ്യാനാണ് അല്ലാതെ ജോലി എടുപ്പിക്കാൻ അല്ല തോട്ടക്കാരന് ദേഷ്യം വന്നു. എന്നിട്ട് പറഞ്ഞു നീ കോഴിയെ കൊന്ന കാര്യം ഞാൻ പപ്പയോട് പറയും എന്ന്.അവൻ പറഞ്ഞു സാരമില്ല. എല്ലാം മനസ്സിലാക്കിയ തോട്ടക്കാരൻ നിൽക്കാതെ വേഗം സ്ഥലംവിട്ടു .കുട്ടൻ കളിക്കാനും പോയി

-അലൻ സോണി

9B

# ഞാനെഴുതും  എന്റെ ആത്മാവിന്റെ വിരഹം

ഞാനെഴുതും

എന്റെ ആത്മാവിന്റെ വിരഹം

ജീവിച്ച് കൊതിതീരാത്ത മോഹങ്ങളുമായി ഞാൻ യാത്രയായി ഒരു വാക്കുപോലും പറയാൻ ഇടവരാതെ പറയൂ ദൈവമേ എൻറെ മോഹങ്ങൾ ആഗ്രഹങ്ങൾ എന്നീ സഫലമാക്കാതെ നീ എന്നെ എന്തിന് കൊണ്ടുവന്നു പറയൂ?

ജീവനായി കരുതിയ മാതാപിതാക്കൾ എന്നെ കാണാത്തതിനാൽ വിരഹം കൊണ്ട് തുളുമ്പി നിൽക്കുകയാണ് ഒന്നൊന്നായി എഴുതി പറഞ്ഞതും എൻറെ വിധിപോലെ തന്നെയായി എൻറെ ഓരോ വേദനയും എനിക്ക് അത് സഫലമാക്കി തീർക്കാൻ ഈ ആത്മാവിന്റെ രൂപത്താൽ സാധിക്കുമീ ദഹിച്ച മനുഷ്യശരീരത്തിലെ അസ്ഥികൾക്കുമുണ്ടാകും ഓരോ ആഗ്രഹങ്ങൾ മരിച്ചു ദഹിച്ച എൻറെ ശരീരത്തിൽ ഉൾക്കൊണ്ട ആത്മാവിലൂടെ എന്റെ ആഗ്രഹങ്ങൾ സഫലമാകണം മനുഷ്യൻറെ ആഗ്രഹങ്ങൾ പോലെ ഈ ഭൂമിയിലെ ആത്മാക്കളിലും ഉണ്ട് ഒരു വിരഹം.

-ശ്രീമായ സി.പി

# പരിപൂർണ്ണത

മനനം ചെയ്യുന്ന മാനവൻ കൊതിക്കുന്ന പരിപൂർണത നേടുവാൻ
എപ്പോഴാണ് നാം പരിപൂർണത നേടുന്നത് ?
സർവതും നഷ്ട്ടപ്പെട്ടവന്റെ നൈരാശ്യത്തിലോ
ഒറ്റപ്പെട്ടവന്റെ ഏകാന്തതയിലോ?
ജന്മകർമങ്ങളുടെ മൂർത്തികരണമാണ്
പരിപൂർണതയാത്ര
അർത്ഥകാമങ്ങളും ഇച്ഛയും ബുദ്ധിയും
പുറങ്കുട്ടുപോലും ഭൂതകാല രചനാതന്ത്രമാണ്.
സുഖദുഃഖങ്ങൾ,നന്മതിന്മകൾ,സ്തുതിനിന്ദകൾ,
സ്നേഹദ്വേഷങ്ങൾ ഒക്കെയും കർമാദീനം.
കർമഫലങ്ങൾ; മുറതെറ്റാതെ നമ്മെ പിൻതുടരുന്നു
സുഖദുഃഖങ്ങളെല്ലാം ക്ഷണികം
ഇരുളിലൂടെ സമസ്ത ശക്തിയും
സമാഹരിച്ച് മുന്നേറുക.....മുന്നേറുക
പരിപൂർണത നേടുക നമ്മുടെ ജീവിതലക്ഷ്യം

- ഫെബിടീച്ചർ
(മലയാള വിഭാഗം)



vector background

# പുള്ളിക്കുട

അച്ഛൻറെ സമ്മാനം പുള്ളിക്കുട
ഇച്ഛയ്ക്കു ചേർന്നതാം പുള്ളിക്കുട
മഴ നനയാത്തൊരു പുള്ളിക്കുട
മഴയിലൊളിക്കും പുള്ളിക്കുട
മാരിവില്ലിൻ വർണ്ണം ചാർത്തും
മാരിയിൽ വിരിയും പുള്ളിക്കുട
എന്നനുജത്തിക്കും ഏറെയിഷ്ടം
എന്നുവ സ്വന്തം ഈ പുള്ളിക്കുട

- റെയ്സി ടീച്ചർ

മലയാളവിഭാഗം

# കലാകാരൻമാരിലൂടെ



- സ്വരൂപ് വി.എസ്
9B

# ഒരു പ്രളയക്കാഴ്ച്ച



# നവകേരളം






vector background

# റെഡ്ക്രോസ് ടീം



തിരനോട്ടം

# Scouts












തിരനോട്ടം





little KITEs

# TEAM

തിരനോട്ടം

# ഓണാഘോഷം






തിരനോട്ടം

# സുവർണ്ണ നിമിഷങ്ങൾ






# അണിയറയിൽ

BIJIN JOBSON

SWAROOP V S

JEEVAN GEO VADAKKAN

ALAN SONY

ABHIRAM RAJAGOPAL

ATHUL C ANURUDHAN

NANDAKUMAR

GOPAKUMAR

YEDHUDEV P R

MIDHUN RAJ

AKHIL M S

LITTLE KITE MASTERS

LINCY TEACHER

SEEMA TEACHER

JENSY TEACHER

PINKY TEACHER

തിരനോട്ടം

തിരനോട്ടം

